ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ 10775/എം.എ.ഇ 3/2017/നി.സെ. 11.08.2021.
തിരുവനന്തപുരം,

## താല്പര്യപത്രം

നിയമസഭാ ഹോസ്റ്റലിലെ പമ്പാ ബ്ലോക്കിന്റെ പുനർനിർമ്മാണത്തിന് മുന്നോടിയായി പ്രസ്തുത ബ്ലോക്കിൽ മുറികൾ അനുവദിക്കപ്പെട്ട ബഹു. സാമാജികർക്ക് താമസസൗകര്യം ഒരുക്കുന്നതിനായി നിയമസഭാ സമുച്ചയത്തിന്റെ 5 കി.മീ. പരിധിയ്ക്കുള്ളിൽ കുറഞ്ഞത് 18 2BHK/3BHK ഉള്ള ഫ്ലാറ്റ് സമുച്ചയം വാടകയ്ക്ക് നൽകുന്നതിനായി ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള കെട്ടിട നിർമ്മാതാക്കൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവച്ച കവറുകളിൽ താല്പര്യപത്രം ക്ഷണിച്ചു കൊള്ളുന്നു.

ഇതോടൊപ്പം ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ടി ഫ്ലാറ്റ് സമുച്ചയം വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ളവർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ ഫാറത്തിൽ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം ചുവടെ ചേർത്തിരിക്കുന്ന വിലാസത്തിൽ 31.08.2021 തീയതി ഉച്ചയ്ക്കുശേഷം 3 മണിയ്ക്ക് മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ലഭ്യമാവുന്ന താല്പര്യപത്രങ്ങൾ 01.09.2021 രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വെച്ച് തുറന്നു പരിശോധിക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാകാൻ ഇടയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 11.00 മണിക്ക് ആയത് തുറന്ന് പരിശോധിക്കുന്നതാണ്.

പ്രവർത്തന പരിചയം, ലഭ്യമാക്കുന്ന സേവനങ്ങൾ, നിയമസഭാ സമുച്ചയത്തിൽ നിന്നുള്ള ദൂരപരിധി, ക്വട്ടേഷൻ തുക തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം എടുക്കുന്നത്. ഒന്നിലധികം വ്യക്തികൾ/സ്ഥാപനങ്ങൾ ഒരേ നിരക്ക് ക്വാട്ട് ചെയ്താൽ മേൽ പറഞ്ഞ എല്ലാ ഘടകങ്ങളും കൂടി പരിഗണിച്ചായിരിക്കും തീരുമാനമെടുക്കുക .

താല്പര്യപത്രം ഏതൊരു ഘട്ടത്തിലും മാറ്റങ്ങൾ വരുത്തുന്നതിനോ, പിൻവലിക്കുന്നതിനോ, ലഭ്യമായ ഓഫറുകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കും. ലഭ്യമാകുന്ന താല്പര്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ ചുരുക്ക പട്ടിക തയ്യാറാക്കുന്നതിനുള്ള എല്ലാ അവകാശങ്ങളും നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കും.

**വിലാസം**

സെക്രട്ടറി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
വികാസ്ഭവൻ പി.ഒ.
തിരുവനന്തപുരം - 695 033

സെക്രട്ടറി

Contact Number : 0471 2512206, 9497171040
0471 2512207, 9446112307
Website : www.keralaniyamasabha.org

| ക്രമ നം. | ഇനം | വിവരണം |
|---|---|---|
| 1. | ഫ്ലാറ്റ് സമുച്ചയം | 18 2BHK/3BHK, പൊതുവായ റിസപ്ഷൻ ഏരിയ, പാർക്കിംഗ് സൗകര്യം |
| 2. | ആവശ്യമായ കാലാവധി | കുറഞ്ഞത് രണ്ടു വർഷം |
| 3. | വകുപ്പ് | നിയമസഭാ സെക്രട്ടേറിയറ്റ് |
| 4. | വിലാസം | സെക്രട്ടറി<br>നിയമസഭാ സെക്രട്ടേറിയറ്റ്<br>നിയമസഭാ മന്ദിരം<br>വികാസ്ഭവൻ പി.ഒ.<br>തിരുവനന്തപുരം - 695 033 |
| 5. | താല്പര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി | 31.08.2021, 3.00 p.m |
| 6. | താല്പര്യപത്രത്തോടൊപ്പം പൂരിപ്പിച്ച് സമർപ്പിക്കേണ്ട രേഖകൾ | 1. അപേക്ഷകന്റെ വിവരങ്ങൾ (അനുബന്ധം -1)<br>2. മുൻകാല പരിചയം (അനുബന്ധം -2) |

## ഫ്ലാറ്റ് സമുച്ചയത്തിനുള്ള വ്യവസ്ഥകൾ

1. ഫ്ലാറ്റ് സമുച്ചയത്തിലെ മുറികൾ മുഴുവൻ ഫർണിഷ് ചെയ്തവയായിരിക്കണം.
2. ഒരു ഫ്ലാറ്റിൽ 2 ബാത്ത് അറ്റാച്ച്ഡ് ബെഡ്റൂം, ഒരു ഓഫീസ് റൂം, ഒരു ഡൈനിംഗ് ഹാൾ, അടുക്കള, ഒരു കോമൺ ബാത്ത് റൂം എന്നിവ ഉണ്ടായിരിക്കണം.
3. ഫ്ലാറ്റിൽ അംഗങ്ങൾക്കായി വാടകയ്ക്ക് നൽകുന്ന മുറികളിലേക്ക് അംഗങ്ങൾ അനുമതി നൽകുന്ന സന്ദർശകരെ അനുവദിക്കേണ്ടതാണ്.
4. ഫ്ലാറ്റിൽ അനുസ്യൂതമായ ജലവിതരണം, വൈദ്യുത വിതരണം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

5. അംഗങ്ങളുടെ സേവനത്തിനായി നിയമസഭാ സെക്രട്ടേറിയറ്റ് നിയോഗിക്കുന്ന സുരക്ഷാ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും വിഭാഗങ്ങൾക്കും ഫ്ലാറ്റിൽ പ്രവേശനം നൽകേണ്ടതാണ്.

6. ഫ്ലാറ്റ് സമുച്ചയം വാടകയ്ക്ക് നൽകുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റുമായി എത്ര കാലത്തേക്ക് എഗ്രിമെൻറിൽ ഏർപ്പെടാൻ തയ്യാറാണെന്ന് ക്വട്ടേഷനിൽ വ്യക്തമാക്കേണ്ടതാണ്.

7. മുറികളുടെ വാടകയും വെള്ളം , വൈദ്യുതി, എന്നിവയുടെ ചാർജ്ജും നിയമസഭാ സെക്രട്ടേറിയറ്റ് നൽകുന്നതാണ്.

8. ബഹു.അംഗങ്ങളുടെ സേവനത്തിനായി ചുമതലപ്പെടുത്തുന്ന നിയമസഭാ ജീവനക്കാർ, സുരക്ഷാ ജീവനക്കാർ എന്നിവർക്കായി വിശ്രമ മുറികൾ ലഭ്യമാക്കേണ്ടതാണ്.

9. ഫ്ലാറ്റ് സമുച്ചയത്തിനുള്ള വാടക നിരക്ക് താല്പര്യ പത്രത്തിൽ വ്യക്തമാക്കേണ്ടതാണ്.

10. കരാർ അനുവദിച്ച് ലഭ്യമാവുന്നവർ നിയമസഭാ സെക്രട്ടേറിയറ്റ് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ പ്രകാരം 200 രൂപ മുദ്രപത്രത്തിൽ കരുതൽ ധനമായി 20,000/- രൂപ കെട്ടി വച്ച് നിയമസഭാ സെക്രട്ടറിയുമായി എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. കരാർ വ്യവസ്ഥയിൽ ഒപ്പിട്ടാൽ ആയതിൽ പരാമർശിച്ചിട്ടുള്ള തീയതിയിലേക്ക് തന്നെ കരാർ വ്യവസ്ഥയിൽ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടം നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറേണ്ടതാണ്.

11. ഫ്ലാറ്റ് സമുച്ചയത്തിലെ താമസമോ , മറ്റ് സൗകര്യങ്ങളോ തൃപ്തികരമല്ലാത്ത പക്ഷം കരാർ അവസാനിപ്പിക്കുവാൻ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

12. ഈ കരാറുമായി ബന്ധപ്പെട്ട തർക്കങ്ങൾ /പരാതികൾ തിരുവനന്തപുരം അധികാര പരിധിയിലുള്ള കോടതികളിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

## അനുബന്ധം -1

## വ്യക്തിഗത വിവരങ്ങൾ

1. താല്പര്യപത്രം സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരും വിലാസവും :

2. ഫോൺ നമ്പർ :

3. ഇ-മെയിൽ:

4. സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം :

5. സ്ഥാപനത്തിന്റെ ഇനം (പബ്ലിക് സെക്ടർ/ ലിമിറ്റഡ്/പ്രൈവറ്റ് ലിമിറ്റഡ്/പാർട്ട്ണർഷിപ്പ്/ സൊസൈറ്റി/മറ്റുള്ളവ)

6. ഒന്നിൽ കൂടുതൽ ഓഫീസുകൾ ഉണ്ടോ എങ്കിൽ വിശദവിവരം :

7. മുൻ പരിചയം സംബന്ധിച്ച വിവരങ്ങൾ:

8. താല്പര്യപത്രം അംഗീകരിക്കുന്ന പക്ഷം എത്ര കാലത്തേയ്ക്ക് കരാറിൽ ഏർപ്പെടുവാൻ തയ്യാറാണ്:

9. കൂടുതൽ വിവരങ്ങൾ നൽകാൻ ഉണ്ടെങ്കിൽ ആയത്:

സ്ഥലം: ഒപ്പ്:

തീയതി: പേര്

സ്ഥാപനത്തിന്റെ സീൽ

## അനുബന്ധം -2

പേര് :

**കരാറടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സ്ഥാപനം ചെയ്ത പ്രവൃത്തികൾ സംബന്ധിച്ച വിവരണം**

| ക്രമ നം. | സ്ഥാപനത്തിന്റെ /വ്യക്തിയുടെ പേര് | പ്രവൃത്തിയുടെ ഇനം | കാലയളവ് | നേരിട്ടോ സബ്-കോൺട്രാക്റ്റായോ | അഭിപ്രായം |
|---|---|---|---|---|---|
| | | | | | |

പേര്:

ഒപ്പ്: